പാഠം 1

# ഏദെൻതോട്ടത്തിലെ വിദ്യാഭ്യാസം

## ശബ്ബത്ത് സായാഹ്നം

**ഈയാഴ്ചയിലെ പഠനത്തിനായി വായിക്കുക: ഉല്പത്തി 2:7–23; 3:1–6; 2 പത്രൊസ് 1:3–11; 2:1–17; എബ്രാ. 13:7,17,24**

**മനഃപാഠവാക്യം: "ദൈവം തന്റെ ശക്തിയാൽ ഉന്നതമായി പ്രവർത്തിക്കുന്നു; അവനു തുല്യനായ ഉപദേശകൻ ആരുള്ളൂ?" (ഇയ്യോബ് 36:22).**

---

---

---

മിക്ക വേദപുസ്തക വിദ്യാർത്ഥികൾക്കും ഉല്പത്തി 1 മുതൽ 3 വരെയുള്ള കഥയും കഥാപാത്രങ്ങളെയും അറിയാം: ദൈവം, ആദാം, ഹവ്വാ, ദൂതന്മാർ, പാമ്പ്. "ഏദൻ" എന്ന് വിളിക്കുന്ന പറുദീസയിലെ മനോഹരമായ ഒരു തോട്ടമാണ് പശ്ചാത്തലം. കഥാതന്തു ഒരു യുക്തമായ സംഭവപരമ്പരകളെ പിന്തുടരുന്നതായി തോന്നുന്നു. ദൈവം സൃഷ്ടിക്കുന്നു. ദൈവം ആദാമിനും ഹവ്വയ്ക്കും നിർദ്ദേശങ്ങൾ നൽകുന്നു. ആദാമും ഹവ്വയും പാപം ചെയ്യുന്നു. ആദാമിനെയും ഹവ്വയെയും ഏദെനു പുറത്താക്കുന്നു. എന്നിരുന്നാലും, ഉല്പത്തിയുടെ ആദ്യ അദ്ധ്യായങ്ങളിലൂടെ ഒരു സൂക്ഷ്മ പരിശോധന നടത്തിയാൽ, പ്രത്യേകിച്ച് വിദ്യാഭ്യാസത്തിന്റെ ലെൻസിലൂടെ, കഥയിലും, പശ്ചാത്തലത്തിലും, കഥാപാത്രങ്ങളിലേക്കുമുള്ള ചില ഉൾക്കാഴ്ചകൾ വെളിവാക്കപ്പെടും.

"ലോകാരംഭത്തിൽ സ്ഥാപിതമായ വിദ്യാഭ്യാസ സമ്പ്രദായം നിത്യതയോളം മനുഷ്യന് ഒരു മാതൃക ആകേണ്ടതായിരുന്നു. അതിന്റെ തത്വങ്ങളുടെ ഒരു ദൃഷ്ടാന്തം എന്ന നിലയിൽ ഏദെനിൽ ഒരു മാതൃകാ പാഠശാല സ്ഥാപിതമായി, നമ്മുടെ ആദ്യ മാതാപിതാക്കളുടെ ഭവനം. ഏദെൻതോട്ടമായിരുന്നു പഠനമുറി, പ്രകൃതിയായിരുന്നു പാഠപുസ്തകം, സ്രഷ്ടാവു തന്നെയായിരുന്നു അദ്ധ്യാപകൻ, മാനവകുടുംബത്തിന്റെ മാതാപിതാക്കളായിരുന്നു വിദ്യാർത്ഥികൾ" – E. G. White, Education, p. 20.

ഈ ആദ്യ വിദ്യാലയത്തിന്റെ സ്ഥാപകനും, പ്രധാന അദ്ധ്യാപകനും, അദ്ധ്യാപകനും കർത്താവായിരുന്നു. ആത്യന്തികമായി ആദാമും ഹവ്വയും മറ്റൊരദ്ധ്യാപകനെ തിരഞ്ഞെടുക്കുകയും തെറ്റായ പാഠങ്ങൾ പഠിക്കയും ചെയ്തു. എന്തു സംഭവിച്ചു, എന്തുകൊണ്ട്, വിദ്യാഭ്യാസത്തെക്കുറിച്ചുള്ള ഈ ആദിമ രേഖയിൽനിന്ന് നമ്മെ ഇന്ന് സഹായിക്കുന്നതിനായി നമുക്ക് എന്ത് പഠിക്കാൻ കഴിയും?

***ഈ ആഴ്ചയിലെ പാഠം പഠിച്ച് ഒക്ടോബർ 3 ശബ്ബത്തിനുവേണ്ടി നമുക്ക് ഒരുങ്ങാം...***

## ആദ്യ പാഠശാല

നാം ഒരു തോട്ടത്തെ ഒരു ക്ലാസ്മുറിയായി കരുതുന്നില്ലെങ്കിലും, അത് തികച്ചും യുക്തമാണ്, പ്രത്യേകിച്ച് ദൈവത്തിന്റെ സൃഷ്ടിയുടെ ചീത്തയാകാത്ത സമ്പത്തുകളാൽ നിറയപ്പെട്ട്. ഏദെനെപ്പോലെയുള്ള ഒന്നിന്റെ കാര്യത്തിൽ ഇന്നത്തെ നമ്മുടെ കാഴ്ചപ്പാടിൽ, വീഴ്ച ഭവിക്കാത്ത ഒരു ലോകത്തിൽ വീഴ്ച ഭവിക്കാത്ത ജീവികൾ നേരിട്ട് അവരുടെ സ്രഷ്ടാവിനാൽ അഭ്യസിക്കപ്പെട്ട്, ആ ക്ലാസ്മുറിയിൽ എത്രയധികം പഠിച്ചിരിക്കുമെന്ന് ഊഹിക്കുക കഠിനമാണ്.

**വായിക്കുക: ഉല്പത്തി 2:7-23. ആദാമിനെ സൃഷ്ടിക്കുകയും, ആക്കി വെക്കുകയും, വേലയിൽ ഏർപ്പെടുത്തുകയും ചെയ്ത ദൈവത്തിന്റെ ഉദ്ദേശ്യ സമ്പുഷ്ടിയെക്കുറിച്ച് നിങ്ങൾ എന്ത് മനസ്സിലാക്കുന്നു?**

ദൈവം സ്ത്രീയെയും പുരുഷനെയും അവന്റെ സ്വരൂപത്തിൽ ഉണ്ടാക്കുകയും അവന് അർത്ഥവത്തായ ഒരു വേലയും ഒരു ഭവനവും നൽകുകയും ചെയ്തു. ശക്തിമത്തായ വിദ്യാർത്ഥി-അദ്ധ്യാപക ബന്ധം കണക്കിലെടുക്കുമ്പോൾ ഇതൊരു മാതൃകാപരമായ ബന്ധമാണ്. ദൈവം അവനെ സൃഷ്ടിച്ചതുകൊണ്ട് അവന് ആദാമിന്റെ കഴിവുകൾ അറിയാമായിരുന്നു. ആദാമിന്റെ പൂർണ്ണ കഴിവുകൾ മനസ്സിലാക്കിയതിനാൽ അവന് ആദാമിനെ പഠിപ്പിക്കുവാൻ കഴിയുമായിരുന്നു.

ദൈവം മനുഷ്യന് ഉത്തരവാദിത്വം നൽകി, എന്നാൽ അവന് സന്തോഷവും വേണമെന്ന് അവനാഗ്രഹിച്ചു. ഒരുപക്ഷേ അവന് സന്തോഷം നൽകുക എന്നതിന്റെ ഒരു ഭാഗമായിരുന്നിരിക്കണം ഉത്തരവാദിത്വങ്ങൾ. അതിനാൽ, അവൻ തോട്ടം പരിപാലിക്കുന്നതിന്റെ ചുമതല ആദാമിനു നൽകി. "ദൈവം മനുഷ്യനെ കൂട്ടിക്കൊണ്ടുപോയി ഏദെൻ തോട്ടത്തിൽ വേല ചെയ്വാനും അതിനെ കാപ്പാനും അവിടെ ആക്കി" (ഉല്പത്തി 2:15). ആദാം അവരുടെ ഭവനമായ തോട്ടം സൂക്ഷിക്കുകയും വേല ചെയ്യുകയും ചെയ്യുമ്പോൾ സംശയലേശമെന്യേ അവൻ എന്തൊക്കെ പഠിക്കുകയും ചെയ്തു എന്ന് ഊഹിക്കാൻ, പാപം നിറഞ്ഞ ഒരു ലോകവും മരണവും മാത്രമറിയാവുന്ന നമുക്ക് പ്രയാസമാണ്.

ഉല്പത്തി 2:19-23 ൽ, ദൈവം ആദാമിന് മൃഗസുഹൃത്തുക്കളെ സൃഷ്ടിക്കുകയും, ആദാമിന്റെ ഭാര്യയായി ഹവ്വയെ സൃഷ്ടിക്കുകയും ചെയ്തു. തുല്യ നിലവാരമുള്ള ഒരാളുടെ സഹായവും സൗഹൃദവും ആദാമിന് ആവശ്യമായിരുന്നു എന്ന് ദൈവത്തിനറിയാമായിരുന്നു; അതിനാൽ അവൻ സ്ത്രീയെ സൃഷ്ടിച്ചു.

മനുഷ്യൻ അവനുമായി അടുത്ത ബന്ധം ഉണ്ടാക്കേണ്ടതിന്റെ ആവശ്യകതയും ദൈവത്തിനറിയാമായിരുന്നു, അതിനാൽ, തോട്ടത്തിന്റെ പരിധിക്കുള്ളിൽ തന്നെ ഈടാർന്ന ഒരിടം അവൻ സൃഷ്ടിച്ചു. മനുഷ്യരാശിയോടുള്ള അവന്റെ സ്നേഹത്തെയും സൃഷ്ടിയിലുള്ള ദൈവത്തിന്റെ ഉദ്ദേശ്യത്തെയും ഇവയെല്ലാം സാക്ഷ്യപ്പെടുത്തുന്നു. വീണ്ടും, നമുക്കും ഏദെനും ഇടയിലുള്ള വലിയ ദൂരം കണക്കിലെടുത്താൽ അതെങ്ങനെ ആയിരുന്നു എന്ന് ഭാവന ചെയ്യുക പ്രയാസമായിരിക്കും - അത് ഭാവന ചെയ്യുന്നത് രസകരമായിരിക്കും, അല്ലേ?

**നാം ഏദെനിൽനിന്നും മാറ്റപ്പെട്ടിട്ട് അധികമായെങ്കിലും, നമുക്ക് ഇപ്പോഴും പ്രകൃതിയിൽനിന്ന് പാഠങ്ങൾ പഠിക്കാം. അവയിൽ ചില പാഠങ്ങൾ എന്താണ്, തിരുവെഴുത്തിന്റെ ഭൂതക്കണ്ണാടിയിലൂടെ (ലെൻസ്) നാം അവയെ വ്യാഖ്യാനിക്കുമ്പോൾ അവയിൽനിന്നും നമുക്ക് എന്ത് പ്രയോജനം ഉണ്ടാകും?**

## അതിക്രമിച്ചു കടക്കൽ

അനേകം അദ്ധ്യാപകർക്കും സന്തോഷമുള്ള ഒരു കാര്യം അവരുടെ ക്ലാസ്മുറി തയ്യാറാക്കുക എന്നതാണ്: ബുള്ളറ്റിൻ ബോർഡുകൾ തൂക്കുക, ആവശ്യമായ സാധനങ്ങൾ ശേഖരിക്കുക, ഏറ്റവും ആകർഷകമായ വിധം മുറികൾ ക്രമീകരിക്കുക. ഏദെൻതോട്ടം എന്ന ക്ലാസ്മുറിക്കു വേണ്ടിയുള്ള ദൈവത്തിന്റെ ദർശനം നാം നോക്കുമ്പോൾ, ആദാമിനും ഹൗവ്വയ്ക്കുമായി ഒരു പഠനാന്തരീക്ഷം ഒരുക്കുന്നതിൽ ദൈവം കാണിച്ച കരുതൽ നാം കാണുന്നു. സൗന്ദര്യം അവരെ ചുറ്റിയിരിക്കണമെന്ന് അവൻ ആഗ്രഹിച്ചു. ഓരോ പൂവും, പക്ഷിയും, മൃഗവും, മരവും അവരുടെ ലോകത്തെക്കുറിച്ചും സ്രഷ്ടാവിനെക്കുറിച്ചും കൂടുതൽ മനസ്സിലാക്കുവാൻ ആദാമിനും ഹവ്വയ്ക്കും ഒരവസരമുണ്ടാക്കി.

എന്നിട്ടുകൂടി, ഉല്പത്തി 2 ൽനിന്ന് ഉല്പത്തി 3 ലേക്ക് പൊടുന്നനെയുള്ള ഒരു മാർഗ്ഗമുണ്ട്. ദിവ്യമായ ഉദ്ദേശ്യത്തോടെ ദൈവം സൃഷ്ടിച്ച സകല നല്ലതിന്റെയും കണക്ക് നാം എടുത്തിട്ടുണ്ട്. എന്നാൽ ഉല്പത്തി 3:1 ൽ തിരഞ്ഞെടുപ്പ് സ്വാതന്ത്ര്യം എന്ന ദൈവത്തിന്റെ വ്യവസ്ഥയിലേക്ക് നാം ഉണർത്തപ്പെടുന്നു. പാമ്പ് “സകല കാട്ടുജന്തുക്കളെക്കാളും കൗശലമേറിയതായിരുന്നു” എന്ന ഭാഷാരീതി ഇതുവരെ ഉപയോഗിച്ചതിൽനിന്നും വ്യത്യസ്തമായിരിക്കുന്നു. മുൻ അദ്ധ്യായങ്ങളിൽ “എത്രയും നല്ലത്”, “നാണം തോന്നിയില്ല”, “ഭംഗിയുള്ളതും” എന്നീ വാക്കുകൾ ദൈവത്തിന്റെ സൃഷ്ടിയെ കാണിക്കുവാൻ ഉപയോഗിച്ച നാമവിശേഷണങ്ങളാണ്. എന്നാൽ, ഇപ്പോഴാകട്ടെ പാമ്പ് വന്ന ശേഷം ധ്വനിയിൽ ഒരു മാറ്റം വന്നിരിക്കുന്നു. “ഉപായി” എന്ന വാക്ക് “കൗശലമേറിയത്” എന്നും ചിലയിടങ്ങളിൽ തർജ്ജമ ചെയ്തിരിക്കുന്നു. ഇതുവരെ പരിപൂർണ്ണമായതിലേക്ക് ഒരു നിഷേധാത്മകസ്വരം വന്നിരിക്കുന്നു.

ഇതിനു വിപരീതമായി, ദൈവത്തെ “കൗശലത്തിന്റെ” എതിരായി അവതരിപ്പിച്ചിരിക്കുന്നു. തോട്ടത്തിലുള്ള ദമ്പതികളെക്കുറിച്ച് തനിക്കുള്ള പ്രതീക്ഷ ദൈവം വളരെ വ്യക്തമാക്കുന്നു. ഉല്പത്തി 2:16,17 ലുള്ള ദൈവത്തിന്റെ കല്പനയിൽനിന്ന് ദൈവം പരമപ്രധാനമായ ഒരു നിയമം സ്ഥാപിച്ചിട്ടുണ്ട് എന്ന് നമുക്ക് അറിയാം, വിലക്കപ്പെട്ട കനി ഭക്ഷിക്കരുതെന്ന്.

**ഉല്പത്തി 3:1–6 ൽ പാമ്പ് ഉപയോഗിച്ചതും പിന്നീട് ഹവ്വാ ആവർത്തിച്ചതുമായ വിവരണങ്ങൾ പരിശോധിക്കുക. പാമ്പ് ഹവ്വയ്ക്കു നൽകിയ വിവരത്തെക്കുറിച്ച് നിങ്ങൾ എന്തു മനസ്സിലാക്കുന്നു? പിന്നീട് നന്മതിന്മകളെക്കുറിച്ച് തിരിച്ചറിയുന്ന വൃക്ഷത്തെപ്പറ്റി ഹവ്വാ എന്തു കണക്കിലെടുക്കുന്നു എന്നതിനെക്കുറിച്ച് നിങ്ങൾ എന്ത് മനസ്സിലാക്കുന്നു?**

ഉല്പത്തി 2:17 ൽ ആ വൃക്ഷത്തിൽനിന്നും ഭക്ഷിച്ചാൽ ആദാം “നിശ്ചയമായും മരിക്കും” എന്ന് ദൈവം പറഞ്ഞു (ഊന്നൽ നൽകിയിരിക്കുന്നു). ഉല്പത്തി 3:3 ൽ ഹവ്വാ ആ കല്പന ആവർത്തിച്ചപ്പോൾ അവൾ അത് അത്ര ശക്തമായി പറഞ്ഞില്ല, “നിശ്ചയമായും” എന്ന വാക്ക് വിട്ടുകളഞ്ഞു. ഉല്പത്തി 3:4 ൽ, പാമ്പ് ആ വാക്ക് ആവർത്തിക്കുന്നു, എന്നാൽ ദൈവം പറഞ്ഞതിൽനിന്നും തികച്ചും വിരുദ്ധമായി. തോട്ടത്തിൽവെച്ച് ഹവ്വയെ ദൈവത്തെക്കുറിച്ച് പഠിപ്പിച്ചുവെങ്കിലും, അവൾ എടുക്കേണ്ട ഗൗരവത്തോടെ അത് എടുത്തില്ല എന്ന് തോന്നുന്നു. അവൾ ഉപയോഗിച്ച ഭാഷയിൽനിന്നുതന്നെ നമുക്കത് മനസ്സിലാകും.

## ആ ദൂത് നഷ്ടമാകുന്നു

നാം ഇന്നലെ കണ്ടതുപോലെ, ഹവ്വാ അവളുടെ ഭാഷയിൽപ്പോലും – ദൈവത്തിന്റെ വ്യക്തമായ കല്പന ഉണ്ടായിട്ടുകൂടി അവളെ പഠിപ്പിച്ചതിൽ വെള്ളം ചേർത്ത് ലഘൂകരിച്ചിരിക്കുന്നു.

ദൈവം അവളോട് പറഞ്ഞതിനെ അവൾ ദുർവ്യാഖ്യാനം ചെയ്തില്ല എങ്കിലും അവൾ അത് വേണ്ടത്ര ഗൗരവത്തിലെടുത്തില്ല. അവളുടെ പ്രവൃത്തികളുടെ പരിണതഫലങ്ങൾ ഒരുവന് പെരുപ്പിച്ചു കാണാനേ കഴികയില്ല.

അപ്രകാരം, ഹവ്വാ പാമ്പിനെ നേരിട്ടപ്പോൾ, അവൾ ആവർത്തിച്ചു (കൃത്യമായല്ല) എങ്കിലും തോട്ടത്തിലെ വൃക്ഷത്തെക്കുറിച്ച് ദൈവം പറഞ്ഞതുപോലെ പാമ്പിനോട് ആവർത്തിച്ചില്ല (ഉല്പത്തി 3:2,3). നിശ്ചയമായും പാമ്പിന് ഇതൊരു വാർത്തയായിരുന്നില്ല. പാമ്പ് ഈ കല്പനയുമായി പരിചിതനായിരുന്നു. അതിനാൽ തന്നെ അത് വളച്ചൊടിക്കുവാൻ തയ്യാറും, അങ്ങനെ ഹവ്വയുടെ നിഷ്കളങ്കതയെ മുതലെടുക്കുന്നു.

**ഉല്പത്തി 3:4–6 പരിശോധിക്കുക. ദൈവം പറഞ്ഞത് കൃത്യമായി നിരാകരിക്കുന്നതു കൂടാതെ, പ്രകടമായും ഹവ്വയെ വീഴ്ത്തുവാനുള്ള മറ്റെന്ത് കാര്യമാണ് പാമ്പ് പറഞ്ഞത്?**

ആ പറഞ്ഞ സന്ദേശത്തിന്റെ ഒരു ഭാഗം തെറ്റായിരുന്നു എന്ന് പാമ്പ് അവളോട് പറഞ്ഞപ്പോൾ, ഹവ്വയ്ക്ക് ദൈവവുമായി കൂടിയാലോചിക്കാമായിരുന്നു. ഇതാണ് ഏദെനിലെ വിദ്യാഭ്യാസത്തിന്റെ മനോഹാരിത, ഉറപ്പായും ഇന്ന് നമുക്ക് ഭൂമിയിൽ ഊഹിക്കാവുന്നതിനും അപ്പുറമായിരുന്നു വിദ്യാർത്ഥികൾക്ക് ആ ശക്തനായ അദ്ധ്യാപകനോടുണ്ടായിരുന്ന സാമീപ്യം. എന്നിരുന്നാലും, ഓടിപ്പോകുന്നതിനു പകരം, ദിവ്യസഹായം തേടുന്നതിനു പകരം, ഹവ്വാ പാമ്പിന്റെ ദൂത് സ്വീകരിക്കുന്നു. ആ ദൂതിനു പാമ്പ് നൽകിയ പരിഷ്കരണം സ്വീകരിച്ചതിലൂടെ ഹവ്വയുടെ ഭാഗത്ത് ദൈവത്തെക്കുറിച്ചുള്ള സംശയവും ദൈവം അവരോടു പറഞ്ഞതിലുള്ള അവിശ്വാസവും ഉണ്ടായിരുന്നു.

ഇതിനിടയിൽ, ആദാം തന്നെ ഒരു പ്രതിസന്ധിയിലകപ്പെടുന്നു. തന്റെ ഇണ ദൈവത്തിന്റെ കല്പന ലംഘിച്ചുവെന്ന് ആദാം മനസ്സിലാക്കുന്നു. അവന്റെ മനസ്സിൽ ഒരു ഭയാനകമായ പോരാട്ടമുണ്ടായിരുന്നു. അവന്റെ അടുത്തുനിന്നും ഹവ്വയെ അലയാൻ വിട്ടതോർത്ത് അവൻ ദുഃഖിച്ചു. എന്നാൽ ഇപ്പോൾ കൃത്യം ചെയ്യപ്പെട്ടു കഴിഞ്ഞു; ആരുടെ സഹവാസമാണോ അവന് സന്തോഷകരമായിരുന്നത് അവളിൽനിന്നും അവൻ വേർപെടണം. അത് അപ്രകാരമാക്കാൻ അവന് എങ്ങനെ കഴിയും? – E.G. White, Patriarchs and Prophets, p. 56.

നിർഭാഗ്യവശാൽ, തെറ്റും ശരിയും അവനറിയാമായിരുന്നെങ്കിലും, അവനും തെറ്റ് തിരഞ്ഞെടുത്തു.

**ഇവിടുള്ള വഞ്ചനാപരമായ വിപരീതാർത്ഥപ്രയോഗത്തെക്കുറിച്ച് ചിന്തിക്കുക: അവർ വൃക്ഷത്തിന്റെ ഫലം തിന്നാൽ "ദൈവത്തെപ്പോലെ ആകും" എന്ന് പാമ്പ് പറഞ്ഞു (ഉല്പത്തി 3:5). എന്നാൽ അവർ നേരത്തേതന്നെ ദൈവത്തെപ്പോലെയാണെന്ന് ഉല്പത്തി 1:27 പറഞ്ഞില്ലേ? ആദാമിനും ഹവ്വയ്ക്കും നൽകപ്പെട്ടതുപോലുള്ള ഏറ്റവും നല്ല വിദ്യാഭ്യാസം നമുക്ക് ലഭ്യമായാലും, അനുസരണവും വിശ്വാസവും മാത്രമാണ് നമുക്കുള്ള സുരക്ഷയെന്നും നാം എത്ര എളുപ്പത്തിൽ വഞ്ചിക്കപ്പെടാമെന്നുമുള്ളതിനെക്കുറിച്ച് ഇത് നമ്മെ എന്ത് പഠിപ്പിക്കുവാൻ കഴിയും?**

## നഷ്ടപ്പെട്ടത് വീണ്ടെടുക്കുന്നു

ആദാമും ഹവ്വയും പാമ്പിന്റെ ദൂത് പിൻപറ്റാൻ തിരഞ്ഞെടുത്തപ്പോൾ, മറ്റനേകം പരിണതഫലങ്ങൾക്കൊപ്പം, ദൈവത്തിന്റെ ക്ലാസ്മുറിയിൽ നിന്നുള്ള പുറത്താക്കലും അവർ നേരിട്ടു. അവരുടെ പാപം മൂലം ആദാമിനും ഹവ്വയ്ക്കും എന്തു നഷ്ടമായി എന്ന് ചിന്തിക്കുക; നാം അവരുടെ വീഴ്ച മനസ്സിലാക്കുമ്പോൾ, ഇക്കാലത്ത് നമുക്കു വേണ്ട വിദ്യാഭ്യാസത്തിന്റെ ഉദ്ദേശ്യത്തെക്കുറിച്ച് നമുക്ക് കൂടുതൽ മെച്ചപ്പെട്ട രീതിയിൽ മനസ്സിലാക്കാം. അവർ പുറത്താക്കപ്പെട്ടിട്ടുകൂടി, അപൂർണ്ണമായ ലോകത്തിലുള്ള ജീവിതം വിദ്യാഭ്യാസത്തിന് ഒരു പുതിയ ഉദ്ദേശ്യം കൊണ്ടുവന്നു.

വീഴ്ചയ്ക്കു മുമ്പുള്ള വിദ്യാഭ്യാസം ആദാമിനെയും ഹവ്വയെയും അവനുമായും അവന്റെ സ്വഭാവം, അവന്റെ നന്മ എന്നിവയുമായി പരിചിതമാക്കാനുള്ള ദൈവത്തിന്റെ മാർഗ്ഗമായിരുന്നെങ്കിൽ, അവരുടെ പുറത്താക്കലിനുശേഷം വിദ്യാഭ്യാസം ആ കാര്യങ്ങളുമായി മനുഷ്യവർഗ്ഗത്തെ വീണ്ടും പരിചയപ്പെടുത്തുന്നതിനും അതോടൊപ്പം നമ്മിൽ ദൈവസ്വരൂപം പുനഃസ്ഥാപിക്കുന്നതിനുമാണ്. പ്രാർത്ഥനയിലൂടെയും, സേവനത്തിലൂടെയും, അവന്റെ വചനം പഠിക്കുന്നതിലൂടെയും ഏദെനിൽ ആദാമും ഹവ്വയും ചെയ്തതുപോലെ നമുക്ക് നമ്മുടെ ദൈവത്തിന്റെ അടുക്കലേക്ക് വരാം.

സുവാർത്ത എന്താണെന്നാൽ യേശുവിനാലും രക്ഷാപദ്ധതിയാലും എല്ലാം നഷ്ടമായിട്ടില്ല. നമുക്ക് പുനഃസ്ഥാപനത്തിന്റെയും രക്ഷയുടെയും പ്രത്യാശയുണ്ട്. ക്രിസ്തീയ വിദ്യാഭ്യാസത്തിലെ ഏറിയ പങ്കും വിദ്യാർത്ഥികളെ യേശുവിലേക്കും അവൻ നമുക്കുവേണ്ടി എന്തു ചെയ്തു എന്നതിലേക്കും അവൻ നൽകുന്ന പുനഃസ്ഥാപനത്തിലേക്കും വിരൽ ചൂണ്ടണം.

**2 പത്രൊസ് 1:3–11 വായിക്കുക. മനുഷ്യജീവികൾ തോട്ടം വിട്ടുപോയപ്പോൾ നഷ്ടമായതിന്റെ എല്ലാം വെളിച്ചത്തിൽ, വളരെയധികം വീണ്ടും നേടിയെടുക്കാനാകും എന്ന പ്രോത്സാഹനമായാണ് ഈ വാക്യങ്ങൾ വരുന്നത്. നമ്മുടെ ജീവിതങ്ങളിൽ ദൈവത്തിന്റെ സ്വരൂപം പുനഃസ്ഥാപിക്കുന്നതിന് വേണ്ടി നാം എന്തു ചെയ്യണമെന്നാണ് പത്രൊസ് എഴുതുന്നത്.**

യേശുവിലൂടെ നമുക്ക് "ജീവനും ഭക്തിക്കും വേണ്ടിയതു ഒക്കെയും നമുക്കു ദാനം ചെയ്തിരിക്കുന്നുവല്ലോ." എത്ര വലിയ വാഗ്ദത്തം! അവയിൽ ചിലത് എന്തായിരിക്കും? പത്രൊസ് നമുക്ക് ഒരു കുറിപ്പടി നൽകുന്നു: വിശ്വാസം, സദ്ഗുണം, പരിജ്ഞാനം, ആത്മനിയന്ത്രണം, നിരന്തര പ്രയത്നം അങ്ങനെയങ്ങനെ. ഒരു കാര്യം കൂടി ശ്രദ്ധിക്കുക, പത്രൊസ് പ്രതിപാദിക്കുന്നതിൽ ഒരു കാര്യം പരിജ്ഞാനമാണ്. ഈ ആശയം, നിശ്ചയമായും, വിദ്യാഭ്യാസം എന്നതിലേക്ക് നയിക്കുന്നു. ശരിയായ വിദ്യാഭ്യാസം ശരിയായ പരിജ്ഞാനത്തിലേക്ക് നയിക്കുന്നു, ക്രിസ്തുവിനെക്കുറിച്ചുള്ള പരിജ്ഞാനം, അപ്രകാരം നാം കൂടുതൽ അവനെപ്പോലെ ആകുക മാത്രമല്ല, പിന്നെയോ അവനെക്കുറിച്ചുള്ള പരിജ്ഞാനം നാം മറ്റുള്ളവരുമായി പങ്കുവെയ്ക്കുകയും ചെയ്യും.

**വിലക്കപ്പെട്ട വൃക്ഷം "നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷ"വുമായിരുന്നു എന്ന വസ്തുത ഒരു നിമിഷം ചിന്തിക്കുക (ഉല്പത്തി 2:17, ഊന്നൽ നൽകിയിരിക്കുന്നു). എല്ലാ അറിവും എന്തുകൊണ്ട് നല്ലതല്ല എന്നതിനെക്കുറിച്ച് അത് നമ്മോട് എന്തു പറയണം? നല്ലതും ചീത്തയുമായ അറിവുകൾ തമ്മിലുള്ള വ്യത്യാസം നാം എങ്ങനെ അറിയും?**

## അധികാരത്തെ ധിക്കരിക്കുന്നവർ

ക്ലാസ്സ് മുറിയിൽ ചില ആളുകൾ "സ്വാഭാവിക വിദ്യാർത്ഥികളായി"കണക്കാക്കപ്പെടുന്നു. അവർക്ക് നല്ല മാർക്കുകൾ ലഭിക്കുന്നതിനു പഠിക്കേണ്ട ആവശ്യമേയില്ല. അവർ കാര്യങ്ങൾ വേഗത്തിൽ ഗ്രഹിക്കും. അവരുടെ അറിവ് "ഒട്ടിച്ചേരുന്നതായി" തോന്നും എന്നിരുന്നാലും, 2 പത്രൊസ് 1,2 അദ്ധ്യായങ്ങളിൽ പ്രകടമാകുന്നത് അവരെത്തന്നെ അവനായി സമർപ്പിക്കുന്നവർക്ക് ക്രിസ്തുവിലുള്ള വിദ്യാഭ്യാസം ഓരേ പോലുള്ള അവസരവും അനുഭവവുമാണ് നൽകുന്നതെന്നാണ്.

2 പത്രൊസ് 1 ലെ പ്രോത്സാഹജനകമായ വാക്കുകൾ 2 പത്രൊസ് 2 ലെ ഗൗരവകരമായ താക്കീതിന് വിരുദ്ധമാണ്.

2 പത്രൊസ് 2:1–17 വായിക്കുക. എന്ത് ശക്തവും കുറ്റപ്പെടുത്തുന്നതുമായ വാക്കുകളാണ് പത്രൊസ് ഇവിടെ ഉപയോഗിക്കുന്നത്? അതേ സമയം, ഈ കർക്കശമായ താക്കീതിനും കുറ്റപ്പെടുത്തലിനും മദ്ധ്യത്തിലും എന്തു വലിയ പ്രത്യാശയാണ് നമുക്കായി വാഗ്ദാനം ചെയ്യപ്പെട്ടിരിക്കുന്നത്?

അധികാരത്തെ നിന്ദിക്കുന്നവരെക്കുറിച്ച് 10–ാം വാക്യത്തിൽ പത്രൊസ് എഴുതുന്നത് എന്താണെന്ന് ശ്രദ്ധിക്കുക. ഇന്നും ഇത് ഒരു യാഥാർത്ഥ്യമായിരിക്കുന്നതിനെക്കുറിച്ച് എത്ര ശക്തമായ ശാസന. നാം ഒരു സഭാശരീരം എന്ന നിലയിൽ അധികാരത്തിന്റെ ഏതാനും തട്ടുകളുണ്ടെന്ന ധാരണയിൽ പ്രവർത്തിക്കണം (എബ്രാ. 13:7,17,24 കാണുക); അവയ്ക്ക് നാം കീഴ്പ്പെടുവാനും അനുസരിക്കുവാനും വിളിക്കപ്പെട്ടിരിക്കുന്നു.

എന്നിരുന്നാലും, ഈ കർക്കശമായ കുറ്റപ്പെടുത്തലിൻ മദ്ധ്യത്തിലും, പത്രൊസ് ഒരു എതിർകാര്യം പറയുന്നു. വഞ്ചന തിരഞ്ഞെടുക്കുന്നവരെ പുറന്തള്ളുവാൻ ദൈവം ശക്തൻ ആണെങ്കിലും, "കർത്താവു ഭക്തന്മാരെ പരീക്ഷയിൽനിന്നു വിടുവിപ്പാനും" (2 പത്രൊസ് 2:9) കഴിവുള്ളവനാണ്. ക്രിസ്ത്യാനിത്വത്തിലെ നമ്മുടെ വിദ്യാഭ്യാസത്തിന്റെ ഒരു ഭാഗം പരീക്ഷകളിൽനിന്നും ഒഴിഞ്ഞുമാറുക മാത്രമല്ല പിന്നെയോ അതിൽനിന്നും നമ്മെ വിടുവിക്കുന്ന ദൈവത്തിന്റെ അനേകം വഴികൾ പഠിക്കുകയും അതോടൊപ്പം പത്രൊസ് താക്കീത് നൽകുന്ന നാശകരമായ മതഭേദങ്ങളിൽനിന്ന് സംരക്ഷിക്കപ്പെടുകയും ചെയ്യുക എന്നുള്ളതാണ് (2 പത്രൊസ് 2:1). അധികാരത്തെ നിന്ദിക്കുന്നതിനെ അങ്ങനെ കുറ്റപ്പെടുത്തുന്നുവെങ്കിൽ, നമ്മുടെ ക്രിസ്തീയ വിദ്യാഭ്യാസത്തിലും "നിങ്ങളെ നടത്തിയവരെ" (എബ്രാ. 13:7) അനുസരിക്കുകയും, കീഴ്പ്പെടുകയും, മനസ്സിലാക്കുകയും ചെയ്യേണ്ട ശരിയായ വഴികൾ ഉൾക്കൊള്ളേണ്ടതല്ലേ?

ആദാമും ഹവ്വയും അധികാരത്തെ നിന്ദിച്ചു എന്ന് ഒരുവന് പറയുവാൻ കഴിയില്ലെങ്കിലും, ഒടുവിൽ അവർ ആ അധികാരത്തെ അനുസരിക്കാതിരിക്കുന്നത് തിരഞ്ഞെടുത്തു. അവരുടെ ലംഘനം അത്രമേൽ ചീത്തയാകാൻ കാരണം അവർ അത് ചെയ്തത്, അധികാരിയായ ദൈവം അവരോട് പറഞ്ഞതും അവരുടെ നന്മയ്ക്കായി തന്നെ ചെയ്തതിനും നിന്ദ്യമായ വൈരുദ്ധ്യമായതിനാലാണ്.

**അധികാരം എന്ന കാര്യത്തെക്കുറിച്ച് കൂടുതൽ ചിന്തിക്കുക, സഭയിലോ കുടുംബത്തിലോ മാത്രമല്ല, പിന്നെയോ ജീവിതത്തിൽ പൊതുവായി. എന്തുകൊണ്ടാണ് അധികാരം, അധികാരത്തിന്റെ ശരിയായ പ്രയോഗവും അതിനോടുള്ള കീഴ്പ്പെടലും വളരെ പ്രധാനമായിരിക്കുന്നത്? നിങ്ങളുടെ ഉത്തരങ്ങൾ ശബ്ബത്തിന് ക്ലാസിൽ കൊണ്ടുവരിക.**

## കൂടുതൽ ചിന്ത:

ആ വിശുദ്ധ ജോടി ദൈവത്തിന്റെ പിതൃതുല്യ കരുതലിനു കീഴിലുള്ള കുഞ്ഞുങ്ങൾ മാത്രമായിരുന്നില്ല, പിന്നെയോ സർവ്വജ്ഞാനിയായ സ്രഷ്ടാവിൽനിന്നും വിദ്യാഭ്യാസം ലഭിക്കുന്ന വിദ്യാർത്ഥികളുമായിരുന്നു. അവർ ദൂതന്മാരാൽ സന്ദർശിക്കപ്പെടുകയും അവരുടെ സ്രഷ്ടാവുമായി യാതൊരു മറയുമില്ലാതെ കൂട്ടായ്മ ആചരിച്ചവരായിരുന്നു. അവർ ജീവവൃക്ഷം നൽകുന്ന കരുത്തിനാൽ നിറയപ്പെട്ടവരും, അവരുടെ ബുദ്ധിശക്തി ദൂതന്മാരെക്കാൾ അല്പം മാത്രം താഴെയുമായിരുന്നു. ദൃശ്യപ്രപഞ്ചത്തിന്റെ മർമ്മങ്ങളും – "ജ്ഞാന സമ്പൂർണ്ണനായവന്റെ അത്ഭുതങ്ങളും" (ഇയ്യോബ് 37:16) – അവർക്ക് ഒരിക്കലും തീരാത്ത പഠന ഉറവിടവും ആനന്ദവും നൽകി.

"6000 വർഷങ്ങൾ മനുഷ്യ പഠനത്തിനു വിധേയമായ പ്രകൃതിയുടെ നിയമങ്ങളും നടത്തിപ്പും, സകലവും നിലനിർത്തുന്നവനും വാർത്തെടുത്തവനുമായ നിത്യനായവനാൽ അവരുടെ മനസ്സുകൾ തുറക്കപ്പെട്ടു. ഓരോന്നിൽനിന്നും അതിന്റെ രഹസ്യങ്ങൾ ശേഖരിച്ചുകൊണ്ട്, അവർ മരത്തിനോടും, പൂവിനോടും, ഇലയോടും സംഭാഷണം നടത്തി, എല്ലാ ജീവജാലങ്ങളോടും, വെള്ളത്തിൽ കളിക്കുന്ന ഏറ്റവും ശക്തനായ ലിവ്യാഥാൻ മുതൽ സൂര്യപ്രകാശത്തിൽ ഒഴുകുന്ന ചെറുപ്രാണിവരെ, ആദാമിനു പരിചിതമായിരുന്നു. അവയ്ക്ക് ഓരോന്നിനും അവൻ പേര് നൽകിയിരുന്നു, എല്ലാറ്റിന്റെയും ശീലങ്ങളും പ്രകൃതവും ആദാമിനു പരിചിതമായിരുന്നു. ആകാശത്തിലുള്ള ദൈവത്തിന്റെ മഹത്വം, എണ്ണമറ്റ ലോകങ്ങളുടെ ചിട്ടയായ ഭ്രമണം, മേഘങ്ങളുടെ സന്തുലിതാവസ്ഥ, ശബ്ദത്തിന്റെയും വെളിച്ചത്തിന്റെയും മർമ്മങ്ങൾ, രാവും പകലും – നമ്മുടെ ആദ്യ മാതാപിതാക്കളുടെ പഠനത്തിന് ഇവയെല്ലാം ഉണ്ടായിരുന്നു. വനത്തിലെ ഓരോ ഇലയിലും അല്ലെങ്കിൽ മലകളിലെ കല്ലിലും, തിളങ്ങുന്ന ഓരോ നക്ഷത്രത്തിലും, ആകാശത്തിലും, വായുവിലും, ഭൂമിയിലും, ദൈവത്തിന്റെ നാമം എഴുതപ്പെട്ടിരുന്നു. അനന്തമായ ശക്തിയെക്കുറിച്ചും ജ്ഞാനത്തെക്കുറിച്ചും സൃഷ്ടിയുടെ ചിട്ടയും പൊരുത്തവും അവരോട് സംസാരിച്ചു. അവരുടെ ഹൃദയങ്ങളെ ആഴത്തിലുള്ള സ്നേഹത്താൽ നിറച്ച എന്തെങ്കിലുമൊക്കെ ആകർഷണം അവർ എപ്പോഴും കണ്ടെത്തിക്കൊണ്ടിരിക്കുകയായിരുന്നു, അത് അവരിൽ നന്ദിയുടെ പുതുഭാവങ്ങൾ ഉളവാക്കി" E. G. White, Patriarchs and Prophets, pp. 50, 51.

**ചർച്ചയ്ക്കുള്ള ചോദ്യങ്ങൾ**

1. **പഠനവും പ്രവൃത്തിയും ദൈവത്തെയും അവന്റെ സൃഷ്ടിയെയും കാണുവാനുള്ള ഒരു അവസരമായി ദൈവം ആദ്യം തന്നെ ഉദ്ദേശിച്ചിരുന്നുവെങ്കിൽ, ഇന്നത്തെ നമ്മുടെ ജോലിയിൽ ദൈവത്തിന്റെ ഈ ഉദ്ദേശ്യവുമായി നാം ഒത്തുപോകുന്നുണ്ടോ? നമ്മുടെ വേലയിലൂടെ എങ്ങനെയാണ് നമുക്ക് ദൈവത്തെ കൂടുതൽ അറിയുവാൻ കഴിയുക (ശമ്പളം വാങ്ങുന്നവർ, വിദ്യാഭ്യാസപരമായ വേല, സ്വമേധാ പ്രവർത്തനം, സുവിശേഷവേല മുതലായവ).**

2. **അധികാരത്തെക്കുറിച്ചും ആ അധികാരത്തെ അനുസരിക്കേണ്ടത് എന്തുകൊണ്ട് വളരെ പ്രധാനമാണെന്നതിനെക്കുറിച്ചും ചർച്ച ചെയ്യുക. അധികാര കാഴ്ചപ്പാടുകൾ മങ്ങുമ്പോൾ എന്തു സംഭവിക്കുന്നു? അധികാരം എങ്ങനെയാണ് ദുരുപയോഗം ചെയ്യപ്പെടുക, അങ്ങനെ ആകുമ്പോൾ നാം എങ്ങനെ പ്രതികരിക്കും?**

* * *